**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.512 — 11.12.2012 ൽ മറുപടിയ്ക്ക്

**വാഹനങ്ങളുടെ വ്യാജ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>" പി.കെ. ബഷീർ<br>" സി. മമ്മൂട്ടി<br>" പി. ഉബൈദുള്ള | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
| (എ) വ്യാജരജിസ്ട്രേഷനോടെയും രജിസ്ട്രേഷനില്ലാതെയും നിരവധി വാഹനങ്ങൾ നിരത്തിലോടുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) അക്രമസംഭവങ്ങൾ, സ്പിരിറ്റ് കടത്ത് , മോഷണം തുടങ്ങിയവയ്ക്കെല്ലാം ഇത്തരം വാഹനങ്ങളാണ് ഉപയോഗപ്പെടുത്തുന്നതെന്ന കാര്യം പരിഗണിക്കപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) വ്യാജ വാഹനങ്ങൾ കണ്ടെത്തുന്നതിനും, നിയമാനുസൃത രജിസ്ട്രേഷൻ, ടെസ്റ്റിംഗ് എന്നിവയില്ലാത്ത വാഹനങ്ങൾ നിരത്തിൽ ഓടുന്നില്ലെന്ന് ഉറപ്പുവരുത്താനും എന്തു സംവിധാനമാണ് നിലവിലുള്ളത് ; | (സി) | വ്യാജവാഹനങ്ങൾ കണ്ടെത്തുന്നതിനും, നിയമാനുസൃത രജിസ്ട്രേഷൻ, ടെസ്റ്റിംഗ് എന്നിവയില്ലാത്ത വാഹനങ്ങൾ നിരത്തിൽ ഓടുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് നിലവിൽ ആധുനിക സംവിധാനങ്ങളൊന്നും തന്നെയില്ല. വാഹന പരിശോധന നടത്തുന്ന സമയത്ത് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പറും, എഞ്ചിൻ നമ്പറും, ചേസ്സിസ് നമ്പറും പരിശോധിക്കുക എന്ന സംവിധാനം മാത്രമേ നിലവിലുള്ളൂ. |
| (ഡി) ഇക്കാര്യത്തിൽ ആധുനിക മൈക്രോചിപ്പ് , കമ്പ്യൂട്ടർ നെറ്റ് വർക്ക് സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | ഗതാഗതമേഖലയിലെ ആധുനിക സാങ്കേതിക സംവിധാനങ്ങൾ മോട്ടോർ വാഹനവകുപ്പിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇക്കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.